(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നും മരച്ചീനി കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നുണ്ടോ ; എങ്കിൽ അളവ് വ്യക്തമാക്കുമോ ;

(ഡി) കേരളത്തിൽ നിന്നും മറ്റ് രാജ്യങ്ങളിലേക്ക് മരച്ചീനി കിഴങ്ങ് കയറ്റുമതി ചെയ്യുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ രാജ്യങ്ങളിലേക്കാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മരിച്ചീനി കൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടില്ല. വിസ്തൃതിയിൽ ഏറ്റക്കുറച്ചിലുകളും ഉല്പാദനത്തിൽ വർദ്ധനവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം (ടൺ) |
|---|---|---|
| 2004-2005 | 88486 | 2400043 |
| 2005-2006 | 90539 | 2568284 |
| 2006-2007 | 87128 | 2518999 |
| 2007-2008 | 83990 | 2556455 |
| 2008-2009 | 87241 | 2712434 |

(ബി) മരിച്ചീനി ഉല്പാദനത്തിൽ കുറവുണ്ടായിട്ടില്ലെങ്കിലും കുറഞ്ഞ കാലം കൊണ്ട് പാകമാകുന്ന അധിക ഉല്പാദനക്ഷമതയുള്ള മരിച്ചീനി ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികളും മരിച്ചീനിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളും കർഷകർക്ക് മരിച്ചീനി കൃഷി സംബന്ധമായ പരിശീലനം നൽകുന്നതിനുള്ള പ്രവർത്തനങ്ങളും കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നുണ്ട്.

(സി) തമിഴ്നാടിന്റെ അയൽ ജില്ലകളിൽ നിന്നും മരിച്ചീനി ഇവിടെ എത്തുന്നുണ്ട്. തമിഴ്നാട്ടിലെ സ്റ്റാർച്ച് ഫാക്ടറികൾ മരിച്ചീനി ക്ഷാമം നേരിടുന്ന അവസരങ്ങളിൽ കേരളത്തിൽ നിന്ന് ഏകദേശം രണ്ട് ലക്ഷം ടൺ മരിച്ചീനി തമിഴ്നാട്ടിലേക്ക് പോകുന്നുമുണ്ട്.

(ഡി) ഉണ്ട്. പ്രധാനമായും ഗൾഫ് രാജ്യങ്ങളിലേക്കാണ് മരിച്ചീനി കയറ്റുമതി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് പദ്ധതി

210 (5626) ശ്രീ. എം. എ. വാഹീദ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ജോർജ് മേഴ്സിയർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രോഗബാധിതമായ മുഴുവൻ തെങ്ങുകളും വെട്ടി മാറ്റി റീപ്ലാന്റ് ചെയ്യുന്നതിന് നാളികേര വികസന ബോർഡുമായി ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം ഈ പദ്ധതിക്കായി എന്തു തുക ചെലവിട്ടുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വർഷം ഈ പദ്ധതി എവിടെയൊക്കെ നടപ്പിലാക്കുമെന്നും ഇതിനായി എന്തു തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) നാളികേര തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിനുമായി ഒരു സമഗ്ര പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-2010 മുതൽ 2012-2013 വരെയുള്ള കാലയളവിൽ നടപ്പിലാക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ള പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2009-2010-ൽ തിരുവനന്തപുരം ജില്ലയിലെ വർക്കല, ആറ്റിങ്ങൽ, കഴക്കൂട്ടം ബ്ലോക്കുകളിലും കൊല്ലം ജില്ലയിലെ ഓച്ചിറ, കരുനാഗപ്പള്ളി, ചവറ ബ്ലോക്കുകളിലും തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, കൊടകര, ഇരിങ്ങാലക്കുട എന്നീ ബ്ലോക്കുകളിലെ 56 പഞ്ചായത്തുകളിലുമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

1. നാളികേര വികസന ബോർഡിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ഇതുവരെ 73476 തെങ്ങുകൾ 3 ജില്ലകളിലായി വെട്ടിമാറ്റുകയും 5.927 കോടി രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. കൂടാതെ പുനരുദ്ധാരണത്തിനായി 1.53 കോടി രൂപയുടെ കാർഷിക സാമഗ്രിയും വിതരണം ചെയ്തു.

(ഡി) 2010-2011 വർഷത്തിൽ പുതിയതായി 18 ബ്ലോക്കുകളിലെ 108 പഞ്ചായത്തുകളിൽ പദ്ധതി ആരംഭിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ ചെട്ടിവിളാകം, വാമനപുരം, പുളിമാത്ത്, കാട്ടാക്കട, നെടുമങ്ങാട്, പള്ളിച്ചൽ എന്നീ ബ്ലോക്കുകളിലെ പഞ്ചായത്തുകളിലും കൊല്ലം ജില്ലയിലെ ഇരവിപുരം, കൊല്ലം, കുണ്ടറ, ശാസ്താംകോട്ട, കൊട്ടാരക്കര, ചാത്തന്നൂർ ബ്ലോക്കുകളിലെ പഞ്ചായത്തു പ്രദേശത്തും തൃശ്ശൂർ ജില്ലയിലെ മാള, കൊടുങ്ങല്ലൂർ, മതിലകം, തളിക്കുളം, വെള്ളാങ്കല്ലൂർ, ചേർപ്പ് ബ്ലോക്കുകളിലെ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കുന്നതാണ്. നടപ്പുവർഷം 690 ലക്ഷം രൂപ ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കോലിഞ്ചി കൃഷി**

211 (5630) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കോലിഞ്ചി കൃഷി ഏതൊക്കെ ജില്ലകളിലാണുള്ള തെന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കോലിഞ്ചി കയറ്റി അയച്ചതുമൂലം ലഭിച്ച വിദേശ നാണ്യത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കോലിഞ്ചിക്ക് വില സ്ഥിരത ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കാർഷിക ഉൽപ്പന്ന പട്ടികയിൽ കോലിഞ്ചിയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; മറ്റ് കൃഷിക്കാർക്ക് നൽകുന്നതുപോലെ വി.എഫ്.പി.സി.കെ.യുടെ ധനസഹായം കോലിഞ്ചി കൃഷിക്കാർക്ക് നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ധനസഹായം നൽകുന്നുവെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) നൂറുശതമാനം കയറ്റുമതി സാദ്ധ്യതയുള്ള കോലിഞ്ചി കൃഷിക്ക് ധനസഹായം നൽകി കൃഷി വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly